പമ്പയിലുണ്ടായ അനിഷ്ട സംഭവങ്ങളുടെ ഉത്തരവാദി

61 (1529) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-1-2002-ൽ പമ്പയിലുണ്ടായ അനിഷ്ടസംഭവങ്ങളുടെ ഉത്തരവാദി ശ്രീ. ജി. ലക്ഷ്മണ ഐ.പി.എസ്. ആണെന്നും പ്രസ്തുത വ്യക്തിക്കെതിരെ നടപടിയെടുക്കണമെന്നാണ് അന്വേഷണ റിപ്പോർട്ടിൽ ഉള്ളതെന്നുമുള്ള ദേവസ്വം മന്ത്രിയുടെ 10-3-2003-ലെ രേഖാമൂലമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി വൈകുന്നത് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ)&(ബി) ശ്രീ. ലക്ഷ്മണയുടെ വിശദീകരണം വാങ്ങിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസ്സുകൾ

62 (1530) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ കേസ്സുകളാണ് ഇപ്പോൾ സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ വിശദമായ അന്വേഷണത്തിനായി സി.ബി.ഐ.യെ ഏൽപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കേസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) കോടതിവിധികളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ കേസ്സുകൾ സി.ബി.ഐ. അന്വേഷണം നടത്തി വരുന്നുണ്ട് ;

(ഇ) ലോക്കൽ പോലീസ് എഴുതിത്തള്ളിയ എത്ര കേസ്സുകൾ സി.ബി.ഐ. അന്വേഷണത്തിലൂടെ ഇതുവരെ തെളിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സി.ബി.ഐ.യുടെ എത്ര ആഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly